"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെൻറ് സെന്റർ- മുട്ടം ഗ്രാമപഞ്ചാത്തിന് അനുവദനീയമായ 40 ലക്ഷം രൂപയ്ക്ക് പുറമെ 10 ലക്ഷം രൂപ കൂടി DDMA ഫണ്ടിൽ നിന്നും അനുവദിച്ച ഇടുക്കി ജില്ലാ കളക്ടറുടെ നടപടിക്ക് സാധൂകരണം നല്കി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

സ.ഉ.(സാധാ) നം.1160/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 17/06/2021

പരാമർശം:- 1 സ.ഉ (സാധാ)നം 1364/2020/തസ്വഭവ തീയതി 16.07.2020

2 19.02.2021 ലെ ഇടുക്കി ജില്ല കളക്ടറുടെ ഡിസിഐഡി കെ/3284/2020-ഡി.എം.1 നമ്പർ കത്ത്.

## ഉത്തരവ്

കോവിഡ് 19 വ്യാപനത്തെ നേരിടുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആരോഗ്യവകുപ്പും ചേർന്ന് ജനകീയ ആരോഗ്യ പരിപാലന കേന്ദ്രങ്ങളെന്ന നിലയിൽ കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ രൂപീകരിച്ച് പരാമർശം 1 ഉത്തരവ് പ്രകാരം സർക്കാർ വിശദമായ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ആയതനുസരിച്ച CFLTC കൾക്ക് കിടക്കയുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ DDMA തുക അനുവദിച്ചുവരുന്നുണ്ട്.

2) ഇതിൻപ്രകാരം ഇടുക്കി ജില്ലയിൽ മുട്ടം ഗ്രാമപഞ്ചായത്ത് മുട്ടം KSHB വർക്കിംഗ് വിമൻസ് ഹോസ്റ്റൽ കെട്ടിടത്തിൽ 155 കിടക്കകളുള്ള CFLTC സജ്ജീകരിച്ചതിന് DDMA 40 ലക്ഷം രൂപ അനുവദിച്ചിരുന്നു. എന്നാൽ, ഈ തുക പൂർണ്ണമായി വിനിയോഗിച്ചുവെന്നും തുടർ പ്രവർത്തനങ്ങൾക്ക് 10 ലക്ഷം രൂപ കൂടി അനുവദിക്കണമെന്നുമുള്ള മുട്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ പരിഗണിച്ച്, 10 ലക്ഷം രൂപ കൂടി DDMA അനുവദിച്ചിട്ടുണ്ടെന്നും, ആയത് സാധൂകരിക്കണമെന്നും പരാമർശം 2 പ്രകാരം ഇടുക്കി ജില്ലാ കളക്ടർ & ചെയർമാൻ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അപേക്ഷിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, മുട്ടം ഗ്രാമപഞ്ചാത്തിന് അനുവദനീയമായ 40 ലക്ഷം രൂപയ്ക്ക് പുറമെ 10 ലക്ഷം രൂപ കൂടി DDMA ഫണ്ടിൽ നിന്നും അനുവദിച്ച ഇടുക്കി ജില്ലാ കളക്ടറുടെ നടപടിക്ക് സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആർ .എസ് .കണ്ണൻ
സ്പെഷ്യൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ആരോഗ്യ വകുപ്പ് ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
എല്ലാ ജില്ലാകളക്ടർമാർക്കും (ശുചിത്വ മിഷൻ മുഖേന )
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/ G&SSA/E& RSA) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.യ്ക്ക്